
# വനസംരക്ഷണം നശിപ്പിക്കുന്ന വനങ്ങൾ

ഇ.എ.ആന്റണി

നെയ്യാർ വന്യജീവി സങ്കേതത്തിലെ വിദൂരമായ ഒരു പ്രദേശമാണ് തലമുട്ടി. ഉഷ്ണമേഖലാ മഴക്കാടിന്റെ എല്ലാ വൈവിധ്യങ്ങളും ഉൾക്കൊള്ളുന്ന ഈ പ്രദേശത്ത് 1995-96 കാലഘട്ടത്തിൽ വനം വകുപ്പിന്റെ 'ഊർജ്ജിത വനവൽക്കരണപരിപാടി'യുടെ ഭാഗമായി ഇവിടുത്തെ സ്വാഭാവിക പുൽക്കാടുകളെ വെട്ടിത്തെളിച്ച് മേൽത്തരം പുൽവിത്തുകൾ നട്ടുപിടിപ്പിച്ചിരുന്നു. ആന, മ്ലാവ് തുടങ്ങിയ വന്യമൃഗങ്ങളുടെ ഭക്ഷ്യസുരക്ഷിതത്വം ഉറപ്പുവരുത്താനാണ് ഈ പരിപാടി എന്നതായിരുന്നു വിശദീകരണം. നൂറുകണക്കിന് തൊഴിലാളികൾ പണിയെടുത്ത, ലക്ഷങ്ങൾ മുടക്കേണ്ടിവന്ന ഈ പദ്ധതിയുടെ ഫലം, സ്വാഭാവിക പുൽച്ചെടികൾ പോലും നഷ്ടപ്പെട്ട 5 കിലോമീറ്ററോളം വനഭൂമിയായിരുന്നു.

നമ്മുടെ വനപ്രദേശങ്ങളിൽ, വനസംരക്ഷണാർത്ഥം നടക്കുന്ന വികലവും, വിവേകശൂന്യവുമായ ഇത്തരം എല്ലാ പരിപാടികൾക്കും ഫണ്ട് ലഭ്യമാക്കുന്നത് ലോകബാങ്കാണ്. ഉഷ്ണമേഖലാ മഴക്കാടുകളേയും ബന്ധപ്പെട്ട എല്ലാ വനഭൂമികളേയും സംരക്ഷിക്കേണ്ടതിന്റേയും, പരിപോഷിപ്പിക്കേണ്ടതിന്റേയും ആവശ്യകതയെപ്പറ്റി ലോകബാങ്കിന് ബോധോദയമുണ്ടാകുന്നത് 1985 മുതലാണ്. വനനശീകരണം തടയാനായി 'ട്രോപ്പിക്കൽ ഫോറസ്റ്ററി ആക്ഷൻ പ്ലാൻ' എന്നൊരു പദ്ധതിക്ക് ലോകബാങ്ക് രൂപം നൽകി. 800 കോടി ഡോളറിന്റെ ഈ പദ്ധതിയിൽ ഐക്യരാഷ്ട്രസഭയുടേയും, ഭക്ഷ്യ-കൃഷി സംഘടനയുടേയും പിന്തുണയും 67 ഓളം രാഷ്ട്രങ്ങളുടെ സഹകരണവും ലോകബാങ്കിന് ലഭിച്ചു. ഇത്തരുണത്തിൽ സഹകരണം വാഗ്ദാനം ചെയ്ത ഭൂരിഭാഗവും ഏഷ്യ, ആഫ്രിക്ക, തെക്കേ അമേരിക്ക എന്നിവിടങ്ങളിലെ വികസ്വര രാഷ്ട്രങ്ങളായിരുന്നു. പണം ലഭിക്കുന്ന ഏതൊരു പദ്ധതിയേയും യാതൊരു മുൻധാരണയും കൂടാതെ പിന്തുണയ്ക്കുന്ന മൂന്നാം ലോകരാഷ്ട്രങ്ങളിലെ രാഷ്ട്രീയ വ്യവസ്ഥിതികൾ ഈ പ്രവണതയെ പിന്തുണയ്ക്കുകയാണുണ്ടായത്. 'ജൈവവൈവിധ്യത്തിന്റെ കാര്യത്തിൽ അനന്യസാധാരണമായ സ്ഥിതി വിശേഷം നിലനിൽക്കുന്ന വികസ്വര രാഷ്ട്രങ്ങളുടെ വനഭൂമിയിൽ തങ്ങളുടെ പ്രത്യേക താത്പര്യം പ്രകടിപ്പിക്കുന്ന തരത്തിലുള്ളതായിരുന്നു ലോകബാങ്കിന്റെ സമീപനം. എന്നാൽ ഈ രാജ്യങ്ങളിലെ പ്രയോക്താക്കൾ ഇതൊന്നും പഠിക്കാൻ കൂട്ടാക്കിയില്ല. തൽഫലമായി കോടിക്കണക്കിന് രൂപയുടെ വിദേശകടവും, സ്വാഭാവിക വനഭൂമിയുടെ വൻതോതിലുള്ള നാശവും ലോകബാങ്കിന്റെ 'ഊർജ്ജിത വനവൽക്കരണ പദ്ധതികൾ' സമ്മാനിച്ചു.

വിദ്യാഭ്യാസം, കൃഷി, പൊതുജനാരോഗ്യം മുതലായ രംഗങ്ങളിലെ പ്രവർത്തനങ്ങൾക്കായി ലോകബാങ്ക് നൽകുന്ന തുകകളോട് കിടപിടിക്കുന്നതാണ് വനമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും ലഭ്യമായിക്കൊണ്ടിരിക്കുന്നത്. എന്നാൽ ഇത്തരം ഫണ്ടുകളുടെ വലുപ്പമോ, വിനിയോഗ രീതിയോ പുറം ലോകം തീരെ അറിയാതെ പോകുന്നു എന്നുമാത്രം. യാതൊരു തരത്തിലുമുള്ള പ്രായോഗികചിന്തകൾ കൂടാതെയുള്ള ബാലിശമായ വിധത്തിലാണ് ഫണ്ടുകൾ ചിലവഴിക്കപ്പെടുന്നത്.



നിബിഡ വനപ്രദേശങ്ങളിൽ പുതിയ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കൽ, വന്യജീവികൾക്ക് വെള്ളം കുടിക്കാനായി പഞ്ചായത്തുകളങ്ങളെ അനുസ്മരിപ്പിക്കുന്ന സിമന്റുകുളങ്ങൾ പണിയൽ, വിദൂരമായ വനപ്രദേശങ്ങളിൽ കോൺക്രീറ്റ് മന്ദിരങ്ങൾ പണികഴിപ്പിക്കൽ, പുൽമേടുകളിൽ യൂക്കാലിപ്റ്റസ്, അക്കേഷ്യ തുടങ്ങിയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ അങ്ങനെ പോകുന്നു ആ നിര. നെയ്യാർ-വന്യജീവി സങ്കേതത്തിന്റെ വിവിധ ഭാഗങ്ങളിലായി പത്തിലേറെ വൻകിട കോൺക്രീറ്റ് മന്ദിരങ്ങൾ പണികഴിപ്പിച്ചിട്ടുണ്ട്. കാൽനടയായിപ്പോലും നടന്നെത്താൻ ബുദ്ധിമുട്ടുള്ള ഇടങ്ങളിലാണ് കാർപോർച്ച് ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ.

വനവും, വന്യജീവികളും തമ്മിലുള്ള സ്വാഭാവികമായ ബന്ധംപോലും തിരിച്ചറിയാനാവാത്തവിധം സാമാന്യബുദ്ധി ഇല്ലാതായിരിക്കുകയാണ് നമ്മുടെ വനപരിപാലനത്തിലെ ആസൂത്രകർക്ക്. അല്ലെങ്കിൽ ഉൾവനത്തിൽ ആനസ്സ്തിന്നാൻ പുല്ലുവച്ചുപിടിപ്പിക്കില്ലായിരുന്നല്ലോ. കൂടാതെ വന്യമൃഗങ്ങൾ വെള്ളംകുടിക്കാനെത്തുന്ന സ്വാഭാവിക ഉറവകളെ വലിയ കുളങ്ങളാക്കി സിമന്റുചെയ്ത് കൊടുക്കാനുള്ള ആധുനിക ബുദ്ധിയും വനം വകുപ്പ് കാണിച്ചിട്ടുണ്ട്. സ്വാഭാവികത നഷ്ടപ്പെട്ട ഇത്തരം ഇടങ്ങളിൽ വന്യമൃഗങ്ങൾ തീരെ എത്താറില്ലെന്നതാണ് സത്യം.

വനപ്രദേശത്ത് നടക്കുന്ന അശാസ്ത്രീയമായ പ്രവർത്തനങ്ങൾ പശ്ചിമഘട്ടത്തിന്റെ സ്വാഭാവിക പരിസ്ഥിതിക്ക് വലിയൊരു ഭീഷണിയായി തീർന്നിട്ടുണ്ട്. എന്നാൽ പ്രകൃതിയുടെ താളം തെറ്റിയുണ്ടാകുന്ന ഓരോ സംഗതികളിലും, കൂടുതൽ ഫണ്ട് വിനിയോഗിക്കപ്പെടാനുള്ള സാദ്ധ്യതകളാണ് വനം വകുപ്പ് ആരായുന്നത്. കഴിഞ്ഞ കുറേ വർഷങ്ങളായി പശ്ചിമഘട്ടമലനിരകളിൽ വൻതോതിൽ ഉരുൾപൊട്ടൽ വ്യാപകമാണ്. എന്നാൽ ഇത്തരം പ്രകൃതി ക്ഷോഭങ്ങളുടെ കാരണങ്ങളെക്കുറിച്ച് പഠിക്കാനോ, പരിഹാരം നിർദ്ദേശിക്കാനോ ശ്രമിക്കാതെ പുതിയൊരു പദ്ധതിയുമായി രംഗത്തു വരികയാണ് വനംവകുപ്പ് ചെയ്യുന്നത്; വിവിധ വനപ്രദേശങ്ങളിൽ ബണ്ട് നിർമ്മാണം വ്യാപകമായി നടന്നുവരുന്നു. ഇത്തരം ബണ്ടുകളുടെ ആവശ്യകതയെയോ, ബലത്തേയോ പറ്റി യാതൊരുവിധ പഠനമോ അന്വേഷണമോ നടക്കുന്നില്ല. നിർമ്മിക്കപ്പെടുന്ന ബണ്ടുകളിൽ പലതും ആദ്യമഴയ്ക്കുതന്നെ കുത്തിയൊലിച്ചു പോകുകയാണ് പതിവ്. അത്യപൂർവ്വമായ ജൈവവൈവിധ്യം നിലനിൽക്കുന്ന പുൽമേടുകളും, ആനബന്ധപ്രദേശങ്ങളും സംരക്ഷിക്കാനായി 'ഫയർ ലൈൻ' പണികൾ എല്ലാവർഷവും നടക്കുന്നുണ്ട്. എന്നാൽ ഓരോ വർഷം കഴിയുന്തോറും, കാട്ടുതീയുടെ ഫലമായി നമ്മുടെ പുൽമേടുകൾ കൂടുതൽ ശോഷിച്ചുവരുന്നുവെന്നാണ് പഠനങ്ങൾ കാണിക്കുന്നത്.

പ്രകൃതിയുടെ താളത്തിനൊത്ത് ജീവിതരീതികൾ ഉരുത്തിരിഞ്ഞ എത്രയോ ആദിവാസിസമൂഹങ്ങൾ പശ്ചിമഘട്ട മലനിരകളിലെ കാടിനേയും, പുഴകളേയും ആശ്രയിച്ചു ജീവിച്ചു പോന്നിരുന്നു. പശ്ചിമഘട്ടത്തിന്റെ കേരളഭാഗത്തുമാത്രം 30 വിഭിന്ന ആദിവാസി സമൂഹങ്ങളെ കാണാൻ സാധിക്കും. ആദിവാസി വികസനം വന്നതോടെ ഇവരുടെ ജീവിത രീതികൾ മാറുവാൻ തുടങ്ങി. ചുരുങ്ങുന്ന കാടുകളുടേയും, മരിക്കുന്ന പുഴകളുടേയും അന്തരീക്ഷത്തിൽ പുറത്തുനിന്നുള്ള സംസ്കാരം അടിച്ചേൽപ്പിക്കുന്ന മാറ്റങ്ങൾ ചെറുത്തുനിൽക്കാൻ ഇവർക്ക് കെൽപ്പില്ലാതായി. നാണ്യവിളകളുടെ ഉപയോഗം, കന്നുകാലികളെ വളർത്താൻ ഉത്സാഹിപ്പിക്കുക - ഇവയെല്ലാം തന്നെ അവരെ വേരുകളിൽ നിന്ന് പറിച്ചുമാറ്റാനേ ഉപകരിച്ചുള്ളൂ.